ഉത്തരം

(എ) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ 28-2-2015 വരെ 470 കേസുകൾ നിലവിലുണ്ട്. നാല് വിജിലൻസ് കോടതികളിലായി 1277 കേസുകൾ വിചാരണയിലാണ്.

(ബി) 2013-ൽ 134-ഉം, 2014-ൽ 142-ഉം, 28-2-2015 വരെ 127-ഉം വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സദാചാര പോലീസ് അക്രമങ്ങൾ

159 (164) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന സദാചാര പോലീസ് അക്രമങ്ങൾ എത്ര എണ്ണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;ഇവയിൽ എത്രപേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്നു പറയാമോ;

(ബി) കേരളത്തിലെ സദാചാര പോലീസിന്റെ പേരിൽ നടത്തുന്ന അക്രമങ്ങളെ ഇല്ലാതാക്കുവാൻ ആഭ്യന്തര വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സദാചാര പോലീസിനെ നിയന്ത്രിക്കുന്നതിനും അത്തരം ആളുകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ പുതിയ നിയമനിർമ്മാണം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സദാചാര പോലീസ് ചമഞ്ഞ് 16 അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് 93 പേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 76 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി ജനമൈത്രി പോലീസ് വഴിയും മറ്റും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തുടർച്ചയായ മൊബൈൽ പട്രോളിംഗും പൊതു സ്ഥലങ്ങളിൽ ഷാഡോപോലീസ്, രഹസ്യാന്വേഷണ വിഭാഗം എന്നിവർ മുഖേന നിരീക്ഷണവും നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമായതിനാൽ പ്രസ്തുത വിഷയത്തിൽ പുതിയൊരു നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly